പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1531

04.12.2015-ൽ മറുപടിക്ക്

## ക്ഷീരഗ്രാമം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരവികസന വകുപ്പ് മുഖേന ക്ഷീരഗ്രാമം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കമോ; | (എ) ഉണ്ട്. ഒരു പ്രത്യേക പ്രദേശത്തിന്റെ ക്ഷീരവികസന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി സമഗ്രമായ ക്ഷീരവികസന പദ്ധതി ആ പ്രദേശത്ത് മാത്രമായി നടപ്പിലാക്കുന്നതിനാണ് പ്രസ്തുത ഘടകം ലക്ഷ്യമിടുന്നത്. |
| (ബി) നിലവിൽ എവിടെയെല്ലാമാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്; | (ബി) കണ്ണൂർ ജില്ലയിലെ പൊട്ടംപ്ലാവ്, മണിക്കടവ്, ജയഗിരി, കർമ്മലഗിരി, കനകക്കുന്ന്, പൈസക്കരി എന്നീ പ്രദേശങ്ങളിലും എറണാകുളം ജില്ലയിൽ കുന്നുകരയിലും ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നു. |
| (സി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കമോ? | (സി) ക്ഷീരോല്പാദക മേഖലയിലേയ്ക്ക് കൂടുതൽ കർഷകരെയും സംരംഭകരെയും സ്വയം സഹായസംഘങ്ങളെയും കൊണ്ടുവരുന്നതിനും, കന്നുകാലികളിൽ ഉല്പാദന ക്ഷമത വർദ്ധിപ്പിച്ച്, കർഷകരിൽ കാലിവളർത്തലിൽ ശാസ്ത്രീയ രീതികൾ അവലംബിക്കുന്നതിന് പ്രാപ്തരാക്കുന്നതിനും പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന എം.എസ്.ഡി.പി പദ്ധതിയുടെ ഭാഗമായി, ജില്ലയിലെ ചില പ്രത്യേക പ്രദേശങ്ങളിൽ മാത്രമായി നടപ്പിലാക്കുന്ന ക്ഷീരവികസന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം എം.എസ്.ഡി.പി-യിലെന്ന പോലെ തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകർക്ക് ഒരു പശു, 2 പശു, 5 പശു, 10 പശു തുടങ്ങിയ ഡെയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായവും സാങ്കേതിക സഹാ- |

യവും നല്കുന്നു. കൂടാതെ ക്ഷീരഗ്രാമം പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകർക്ക് ആവശ്യാധിഷ്ഠിത സഹായവും, കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും, മിൽക്കിംഗ് മെഷീൻ മുതലായ ഉപകരണങ്ങൾ വാങ്ങുന്നതിനും ധനസഹായം നല്കുന്നു.

സെക്ഷൻ ഓഫീസർ